**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല — കുമിളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. ശശികുമാറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3144/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 14.12.2018

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.11.2015-ലെ ഇ 6(എസ് സി 23/15/ഐടികെ) 18460/2015 നമ്പർ റിപ്പോർട്ട്

2. സർക്കാരിന്റെ 30.05.2016-ലെ 82/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. പഞ്ചായത്ത് ഡയറക്ടറുടെ 07.06.2017-ലെ ഡി8-20547/2016 നമ്പർ കത്ത്
4. സർക്കാരിന്റെ 18.07.2017-ലെ 82/ഇപിബി2/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. എം.പി. ശശികുമാർ സമർപ്പിച്ച 06.09.2017-ലെ പ്രതിവാദ പത്രിക
6. പഞ്ചായത്ത് ഡയറക്ടറുടെ 27.12.2017-ലെ ഡി8-20547/2016 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കുമിളി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. 25.07.2013-ലെ എ 1-11/6108/2013-14 നമ്പർ പ്രകാരം ശ്രീ. യോഹന്നാൻ വർഗ്ഗീസ്, ശ്രീമതി. ആനി വർഗ്ഗീസ് എന്നിവർക്ക് സെല്ലാർ ഫ്ലോർ ഉൾപ്പെടെ 4 നിലകളുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ഗ്രാമപഞ്ചായത്ത് നൽകിയിരുന്നു. എന്നാൽ ടിയാളുകൾ അനധികൃതമായി ഒരു നിലകൂടി നിർമ്മിക്കുകയും അനുമതി നൽകിയ നിർമ്മിതിയിൽ നിരവധി വ്യതിയാനങ്ങൾ വരുത്തി അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചാണ് ടി നിർമ്മാണം നടത്തിയതെന്നും ഇതിന്മേൽ ശരിയായ വെരിഫിക്കേഷൻ നടത്താതെ കെട്ടിട നിർമ്മാണം പൂർത്തിയായ ശേഷം നമ്പറിംഗിനായി അപേക്ഷ നൽകിയപ്പോൾ കെട്ടിട പൂർത്തീകരണ സാക്ഷ്യപത്രത്തോടൊപ്പം അപേക്ഷ ഹാജരാക്കിയതിൽ ആയതിന്റെ വിശ്വസനീയത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം കൂടാതെ ഗ്രാമപഞ്ചായത്ത് ഫീൽഡ് സ്റ്റാഫ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്ക് നോട്ട് എഴുതുകയും സെക്രട്ടറി നമ്പർ അനുവദിച്ചു നൽകുകയും ചെയ്തു.

മേൽ വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വീഴ്ചകൾക്കുത്തരവാദിയായ കുമിളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.പി. ശശികുമാറിന് പരാമർശം (2) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. ശശികുമാർ 30.04.2017-ന് സേവനത്തിൽനിന്ന് വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ

സാഹചര്യത്തിൽ ശ്രീ. ശശികുമാർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവു വരുത്താൻ താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ശശികുമാർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ കെട്ടിട നിർമ്മാണ പൂർത്തീകരണ അപേക്ഷകളിന്മേൽ ഫീൽഡ് സ്റ്റാഫ് പരിശോധന നടത്തി സെക്ഷൻ ക്ലാർക്കിന്റെ ശുപാർശയിന്മേലാണ് നമ്പർ അനുവദിച്ചു നൽകിയതെന്നും എന്നാൽ തുടർപരിശോധനയിൽ പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിട ഭാഗം അടിയന്തരമായി പൊളിച്ചുനീക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ നോട്ടീസ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനെതിരെ കെട്ടിട ഉടമ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നോട്ടീസ് സ്റ്റേ ചെയ്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നതെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ശശികുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.പി. ശശികുമാറിന്റെ പ്രതിമാസ പെൻഷനിൽനിന്ന് 500/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവു വരുത്താൻ താല്ക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.പി. ശശികുമാറിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
   (അന്വേഷണ റിപ്പോർട്ട്, കാരണം കാണിക്കൽ നോട്ടീസ്, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. എം.പി. ശശികുമാർ, മുൻ സെക്രട്ടറി, കുമിളി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കുമിളി ഗ്രാമപഞ്ചായത്ത്, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/82/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ